**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 502** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>മാർമല അരുവി വൈദ്യുത പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** മാർമല അരുവി വൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഭൂമി ഏറ്റെടുക്കലിനുള്ള തുകയായ 9,49,78,072/- രൂപ പാലായിലെ സ്പെഷ്യൽ തഹസിൽദാർ LA ജനറലിന് അടച്ചിട്ടുണ്ട്. തുടർന്ന് RFCT LARR ആക്ടിലെ വകുപ്പ് 19(1) പ്രകാരമുള്ള ഡിക്ലറേഷൻ 23.07.2025-ൽ പ്രസിദ്ധീകരിച്ച് പ്രസ്തുത തുക ഭൂവുടമകൾക്ക് റവന്യൂ വകുപ്പ് കൈമാറി.

തുടർന്ന് 27 പട്ടയഭൂമിയിൽ 26 എണ്ണവും കെ.എസ്.ഇ.ബി-ക്ക് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അംഗീകരിച്ച സർവ്വേ സ്കെച്ചിലും കെ.എസ്.ഇ.ബി സ്ഥാപിച്ച അതിരുകല്ലുകളിലും ഉള്ള വ്യത്യാസം കാരണം ഒരു പട്ടയഭൂമി കൂടെ കെ.എസ്.ഇ.ബി.ക്ക് റവന്യൂ വകുപ്പ് കൈമാറേണ്ടതുണ്ട്. പ്രസ്തുത വ്യത്യാസം പരിഹരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് കൈക്കൊണ്ടുവരുന്നു.

പദ്ധതിക്ക് ആവശ്യമായ പട്ടയരഹിത ഭൂമി (നദീതട ഭൂമി, ആറ്റുപുറം പോക്ക്, ജില്ലാ പഞ്ചായത്ത് റോഡ് ഭാഗം എന്നിവ) ഉപയോഗിക്കുന്നതിന് ആവശ്യമായ ഉപയോഗാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അനുമതി കൂടി ലഭ്യമായാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവുകയുള്ളൂ.

**(ബി)** പദ്ധതി പുനർജീവിപ്പിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പദ്ധതിക്കാവശ്യമായ ഭൂമി നെഗോഷ്യബിൾ പർച്ചേസ് വഴി ഏറ്റെടുക്കാമെന്നു പ്രതീക്ഷിച്ചാണ് പദ്ധതി വിഭാവനം ചെയ്തത്. എന്നാൽ LARR 2013 നിയമം വഴി ഭൂമി ഏറ്റെടുക്കേണ്ടി വന്നതിനാലും, എസ്റ്റിമേറ്റ് പുതുക്കിയതിനാലും പദ്ധതിയുടെ മൊത്ത ചെലവ് 110.49 കോടി രൂപയായി വർധിച്ചിട്ടുണ്ട്. നിലവിൽ MNRE- യിൽ നിന്ന് 14.38കോടി രൂപ ഗ്രാന്റ് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

KSERC ഉത്തരവ് പ്രകാരം ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് നിലവിൽ ഒരു മെഗാവാട്ടിന് 10.27 കോടി രൂപയാണ് മൊത്ത ചെലവ് നിർദ്ദേശിച്ചിരിക്കുന്നത്. ആയതിനാൽ KSERC അനുമതി പദ്ധതിക്ക് ലഭ്യമാക്കുന്നതിനായി നിലവിൽ പദ്ധതിക്ക് അധികമായി ആവശ്യം വരുന്ന തുക കണ്ടെത്തേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**